ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ശ്രദ്ധയിൽപ്പെട്ടതിനൊക്കെ ആക്ഷനെടുക്കുന്നുണ്ട് ; ഫൈൻ ഈടാക്കുന്നുണ്ട്. വേണമെങ്കിൽ ലൈസൻസ് ക്യാൻസൽ ചെയ്യാം ഇങ്ങനെയുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ട്. സാധാരണ ബിൽ പരിശോധിച്ചാൽ എല്ലാം കറക്ടായിരിക്കും.

ശ്രീ. സി. ടി. അഹമ്മദ് അലി : ഏജൻസികൾ വിതരണം ചെയ്യുന്ന പാചകവാതകത്തിന് വ്യത്യസ്തമായ റേറ്റ് നിലനിൽക്കുന്നുണ്ട്. റേറ്റിലുള്ള അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഗവൺമെന്റ് ഓഫ് ഇന്ത്യ ഫിക്സ് ചെയ്തിരിക്കുന്ന റേറ്റിനേ കൊടുക്കുവാൻ പറ്റുകയുള്ളൂ. വ്യത്യസ്തമായി ആരെങ്കിലും ഈടാക്കുന്നുണ്ടെങ്കിൽ അവരുടെ പേരിൽ നടപടിയെടുക്കും.

മി. സ്പീക്കർ : ചോദ്യം നമ്പർ 4,6,13 എന്നിവ ക്ലബ് ചെയ്തെടുക്കാം.

പ്രധാനമന്ത്രിക്ക് സംസ്ഥാന സർക്കാർ നൽകിയ നിവേദനം

4 (*4) ശ്രീ. ബി. വിജയകുമാർ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രി 2000-മാണ്ടിൽ സംസ്ഥാനത്ത് വിശ്രമാർത്ഥം എത്തിയപ്പോൾ സംസ്ഥാനത്തിന്റെ ആവശ്യങ്ങളടങ്ങുന്ന നിവേദനം സംസ്ഥാന ഗവൺമെന്റ് പ്രധാനമന്ത്രിക്ക് നൽകിയിരുന്നുവോ ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിൽ ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(സി) പ്രധാനമന്ത്രി തിരികെ പോകുന്നതിനു മുമ്പ് സംസ്ഥാനത്തിന് പ്രയോജനം ചെയ്യുന്ന എന്തെല്ലാം പ്രഖ്യാപനങ്ങൾ നടത്തി ;

(ഡി) ഈ പ്രഖ്യാപനവും ഗവൺമെന്റ് അദ്ദേഹത്തിനു നൽകിയ നിവേദനത്തിലെ ആവശ്യങ്ങളും സംബന്ധിച്ച ഒരു താരതമ്യം നൽകുമോ ;

(ഇ) അദ്ദേഹത്തിന്റെ പ്രഖ്യാപനങ്ങളുടെ തുടർനടപടി എന്ന നിലയിൽ ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചു ;

(എഫ്) പ്രധാനമന്ത്രിയുടെ പ്രഖ്യാപനങ്ങൾ നടപ്പാക്കാൻ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിക്കേണ്ടതുണ്ട് ; ഈ നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ജി) പ്രധാനമന്ത്രിയുടെ പ്രഖ്യാപനങ്ങളിൽ എന്തെല്ലാം ഇതുവരെ നടപ്പാക്കി ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാന മന്ത്രിസഭാ യോഗം തയ്യാറാക്കി 27.4.2000-ൽ പ്രധാനമന്ത്രിക്ക് നൽകിയ നിവേദനത്തിലെ വിവിധ ആവശ്യങ്ങൾക്കുള്ള അനുമതിയും കേന്ദ്ര സഹായവും ത്വരിതപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു. കൂടാതെ കാർഷിക വിളകളുടെ, വിശിഷ്യാ നാളികേരം, റബ്ബർ എന്നീ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് തടയുവാനും കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ നിന്നും കൂടുതൽ വിദേശ വിമാന സർവ്വീസുകൾക്ക് അനുമതി നൽകുന്നതിനും തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിന്റെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും കണ്ണൂർ വിമാനത്താവളം അനുവദിക്കുന്നതിനും നടപടിയുണ്ടാകണമെന്നും ആവശ്യപ്പെട്ടു.

(സി) താഴെ പറയുന്ന പ്രഖ്യാപനങ്ങൾ നടത്തി :

1. സംസ്ഥാന സർക്കാരുമായി സഹകരിച്ച് ഉയർന്ന വില നൽകി കൂടുതൽ കൊപ്ര സംഭരിക്കും. കോക്കനട്ട് ടെക്നോളജി മിഷൻ ആരംഭിക്കും.
2. ഉയർന്ന സംഭരണ വില നൽകി 20,000 ടൺ റബ്ബർ സംഭരിക്കും. റബ്ബറിനെ കാർഷികോൽപ്പന്നങ്ങളുടെ പട്ടികയിൽപ്പെടുത്താനായി ലോകവ്യാപാര സംഘടനയുമായി ചർച്ച നടത്തും .
3. ഈ വർഷം ആഗസ്റ്റ് 15-ന് മുമ്പ് കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ നിന്നും കൂടുതൽ വിദേശ വിമാന സർവ്വീസുകൾക്ക് അനുമതി നൽകും .
4. കൊച്ചിയിലെ വല്ലാർപ്പാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിനുള്ള അന്തിമ അനുമതി ഉടൻ നൽകും.
5. മൂന്ന് വർഷത്തിനകം ഷൊർണ്ണൂർ-മംഗലാപുരം റെയിൽപ്പാത പൂർണ്ണമായും ഇരട്ടിപ്പിക്കും. റെയിൽവേ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിച്ച് നിശ്ചിത ഓഹരി സംസ്ഥാന സർക്കാർ എടുക്കാൻ തയ്യാറായാൽ എറണാകുളം-കായംകുളം പാത ഇരട്ടിപ്പിക്കൽ പദ്ധതി കേന്ദ്രം ഏറ്റെടുക്കും .
6. ടൂറിസം വികസന രംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ സംസ്ഥാന സർക്കാർ നൽകുന്ന ഏതു പദ്ധതികൾക്കും കേന്ദ്ര സർക്കാർ പരിപൂർണ്ണ പിന്തുണ നൽകും.
7. ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് സോഫ്റ്റ് വെയർ വികസിപ്പിച്ചെടുക്കാനും വിദേശത്തു നൽകാനുമുള്ള കേന്ദ്രങ്ങൾ ഉൾപ്പെടെ ഈ മേഖലയിലെ സർക്കാർ, സ്വകാര്യ സംരംഭങ്ങൾക്ക് എല്ലാ പിന്തുണയും നൽകും.
8. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് സെന്റേഴ്സ് ഓഫ് എക്സലൻസ് സജ്ജീകരിക്കാനുള്ള നടപടികൾ കേന്ദ്ര സർക്കാർ ത്വരിതപ്പെടുത്തും.

(ഡി) സംസ്ഥാന സർക്കാർ പ്രധാനമന്ത്രിക്ക് നൽകിയ നിവേദനത്തിലെ എല്ലാ ആവശ്യങ്ങളും പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ&എഫ്) പ്രധാനമന്ത്രിയുടെ പ്രഖ്യാപനങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്കുള്ള തുടർനടപടിയുടെ ഭാഗമായി 8-1-2001-ൽ ഉന്നത വിദ്യാഭ്യാസം, കൃഷി, ഗതാഗതം, ഇൻഫർമേഷൻ ടെക്നോളജി എന്നീ വകുപ്പുകളിലെ സെക്രട്ടറിമാരുമായി ചീഫ് സെക്രട്ടറി ചർച്ച നടത്തി. തുടർനടപടികൾ മേൽ സൂചിപ്പിച്ച വകുപ്പുകൾ സ്വീകരിച്ചുവരുന്നു. ഇക്കാര്യങ്ങൾ പാർലമെന്റിൽ ഉന്നയിക്കുന്നതിനും നേടിയെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ പാർലമെന്റംഗങ്ങളോട് 12-2-2001-ൽ കൂടിയ യോഗത്തിൽ മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്.

(ജി) ഇതു സംബന്ധിച്ച ഉത്തരവുകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

കുമരകം പാക്കേജ്

5 (*6) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രി കേരളം സന്ദർശിച്ച വേളയിൽ സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രഖ്യാപിച്ച 'കുമരകം പാക്കേജ്'-ന്റെ പ്രയോജനം നേടിയെടുക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തൊക്കെ നടപടി കൈക്കൊണ്ടു ;

(ബി) വിശദാംശം വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ&ബി) 31-12-2000-ൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി കുമരകത്ത് നടത്തിയ പ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ 8-1-2001-ൽ ചീഫ് സെക്രട്ടറി ബന്ധപ്പെട്ട വകുപ്പു സെക്രട്ടറിമാരുമായി ചർച്ച നടത്തുകയുണ്ടായി. ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസം, കൃഷി, ഗതാഗതം, ടൂറിസം, ഇൻഫർമേഷൻ ടെക്നോളജി എന്നീ വകുപ്പുകൾ തുടർനടപടികൾ കൈക്കൊണ്ടുവരുന്നു. ഇക്കാര്യം പാർലമെന്റിൽ ഉന്നയിക്കാൻ ബഹുമാനപ്പെട്ട പാർലമെന്റംഗങ്ങളോടും ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രധാനമന്ത്രിയുടെ കേരള സന്ദർശനത്തെ തുടർന്നുണ്ടായ പ്രഖ്യാപനം

6 (*13) ശ്രീ. പി. കെ. കുമാരൻ :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

ശ്രീ. പി. വിശ്വൻ :

ശ്രീമതി എൻ. കെ. രാധ :

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രിയുടെ കേരള സന്ദർശനത്തെ തുടർന്നുണ്ടായ പുതുവൽസര പ്രഖ്യാപനത്തിൽ സംസ്ഥാനത്തിന് ഗുണകരമായ എന്തൊക്കെ കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly